നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. കൂടാതെ ഭൂമിശാസ്ത്രപരവും, സാമൂഹികവുമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

77 (2225) പതിച്ചു നൽകി പുറംമ്പോക്ക് ഭൂമി തിരിച്ചെടുക്കാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗ്ഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പുറമ്പോക്ക് സർക്കാർ ഭൂമി ആരുടെയെങ്കിലും പേരിൽ പാട്ടത്തിനോ പതിച്ചോ നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെ പേരിൽ എത്ര സെന്റ് ഭൂമിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമിയിൽ സ്ഥിരമായോ താൽക്കാലികമായതോ ആയ കെട്ടിടം പണിതിട്ടുണ്ടോ; എങ്കിൽ ഇതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ ഭൂമി അനുവദിച്ചത് എന്ത് ഉദ്ദേശത്തിനാണോ ആ ഉദ്ദേശം നടപ്പിലാവുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ കെട്ടിടത്തിൽ സി.പി.ഐ (എം)-ന്റെ വഞ്ചിയൂർ ലോക്കൽ കമ്മിറ്റി ഓഫീസും ഡി.വൈ.എഫ്.ഐ.യുടെ വഞ്ചിയൂർ ഏരിയാ കമ്മിറ്റി ഓഫീസും പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് ആരുടെയും പേരിൽ സർക്കാർ ഭൂമി പാട്ടത്തിനോ പതിച്ചോ നൽകിയിട്ടില്ല. എന്നാൽ ടി വില്ലേജിൽ വഞ്ചിയൂർ ജംഗഷനിൽ സർവെ 1680-ൽ ഉൾപ്പെട്ട ഉദ്ദേശം ഒന്നര സെന്റ് പുറംമ്പോക്ക് സ്ഥലത്ത് സാക്ഷരതാ ഭവൻ പ്രവർത്തിച്ചുവരുന്നു.

(ബി) ടി പുറമ്പോക്ക് സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. അതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയില്ല.

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

78 (2226) സൗജന്യമായി സ്ഥലം കൊടുക്കുന്ന സ്കീമിൽ ഗവൺമെന്റ് നൽകിയ സ്ഥലങ്ങൾ

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പാടം ഇല്ലാത്തവർക്കും റോഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്കും വീട് വയ്ക്കുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly